ഗ്രാമ ന്യായാലയ, പൊന്നാനി., എടപ്പാൾ മുൻപാകെ
ഹാജർ: ശ്രീ. എം.ആർ. ദിലീപ്, ന്യായാധികാരി (In charge)
30 ജൂലൈ, 2022

**എം.സി. 02/2022**
**ൽ**
**സി.എം.പി. 23/2022, സി.എം.പി. 24/2022**

| | |
|---|---|
| 1. ശ്രീമതി. സുഹൈറ, വയസ്സ് 22,<br>D/o. അബൂബക്കർ.കെ,<br>2. സഹ്ദിയ, D/o. അഫ്സീർ.പി.കെ,<br>വയസ്സ് 5(മൈനർ),<br>കുന്നത്ത് ഹൗസ്, മുതൂർ പി.ഒ,<br>പൊന്നാനി താലൂക്ക് | : ഹരജിക്കാർ |

(ഹരജിക്കാർ ഭാഗം അഡ്വ: മോഹൻദാസ്.പി.പി )

| | |
|---|---|
| അഫ്സീർ.പി.കെ, വയസ്സ് 25,<br>S/o. ഹംസ,<br>പുലാക്കൂട്ടത്തിൽ ഹൗസ്.<br>വെള്ളറമ്പ് പി.ഒ, മുതൂർ,<br>പൊന്നാനി താലൂക്ക്.<br>വെള്ളറമ്പ് പി.ഒ, മുതൂർ, | : എതൃകക്ഷി |

(എതൃകക്ഷി ഭാഗം അഡ്വ്: നജുമുദ്ദീൻ)

**പൊതു ഉത്തരവ്**

ഹരജിക്കാരി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 18, 19, 12, 20, 22, 23,24 വകുപ്പുകൾ പ്രകാരമാണ് ഹരജി ബോധിപ്പിച്ചിട്ടുള്ളത്.

2. **ഹരജിക്കാരിയുടെ കേസ്സ് താഴെ പറയും പ്രകാരമാണ്:-** ഹരജിക്കാർ മേൽകാണിച്ച വിലാസത്തുഇൽ താമസവും ഹരജിക്കാരിക്കുള്ള സമൻസ് നോട്ടീസ് മുതലായ കോടതി കൽപനകൾ മേപ്പടി വിലാസത്തിൽ അയച്ചു നടത്തേണ്ടതുമാണ് രണ്ടാം ഹരജിക്കാരി മൈനറായതിനാൽ രക്ഷിതാവെന്ന നിലയിൽ രണ്ടാം ഹരജിക്കാരിക്കു കൂടി വേണ്ടിയാണ് ഒന്നാം ഹരജിക്കാരി ഹരജി ബോധിപ്പിക്കുന്നത്.

3. എതൃകക്ഷി നാട്ടിൽ ഇലക്ട്രീഷൻ ആണ് . എതൃകക്ഷി മേൽ കാണിച്ച വിലാസത്തിൽ താമസവും എതൃകക്ഷികൾക്കുള്ള സമൻസ് നോട്ടീസ് മുതലായ കൽപനകൾ മേപ്പടി വിലാസത്തിൽ അയച്ചു നടത്തേണ്ടതുമാണ്.

4. ഹരജിക്കാരിയും, ഒന്നാം എതൃകക്ഷിയും 2015 ആഗസ്റ്റ് മാസം 21 ആം തിയ്യതി മുതൂർ ജുമാമസ്ജിദ് പള്ളിയിൽ വെച്ച് ഇസ്ലാം മതാചാരപ്രകാരം

നിക്കാഹ് ചെയ്തിട്ടുള്ളതും തുടർന്ന് 22-08-2015 ആം തിയ്യതി കുമ്പിടി സി.- എൻ. ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹ സൽക്കാരം നടത്തിയിട്ടുള്ളതുമാണ്. വിവാഹശേഷം ഭാര്യാഭർത്താക്കന്മാർ എന്ന നിലയിൽ എതൃകക്ഷിയുടെ വീട്ടി- ലാണ് താമസിച്ചു വന്നിരുന്നത്. വിവാഹബന്ധത്തിൽ രണ്ടാം ഹരജിക്കാരി ജനിച്ചിട്ടുള്ളതുമാണ്.

5. വിവാഹസമയം ഹരജിക്കാരിയുടെ വീട്ടുകാർ ഹരജിക്കാരിക്ക് 40 പവൻ സ്വർണ്ണാഭരണങ്ങളും 2 ലക്ഷം രൂപയും നൽകുകയുണ്ടായി. അതിനു ശേഷം 25-08-2015 തിയ്യതി ഒരു ഫ്രിഡ്ജും ഒരു സ്കൂട്ടിയും കൂടി നൽകിയിരുന്നു. സ്വർണ്ണാഭരണങ്ങളും പണവും സ്കൂട്ടിയും മറ്റും ഒന്നാം എതൃകക്ഷി തന്റെ സ്വ- ന്തം ആവശ്യത്തിന് എടുത്തു പറ്റിയിട്ടുള്ളതാണ്. വിവാഹത്തിന് ശേഷം ആദ്യ- ത്തെ 4 മാസം മാത്രമാണ് തുടർച്ചയായി ഹരജിക്കാരി എതൃകക്ഷികളുടെ വീ- ട്ടിൽ താമസിച്ചിട്ടുള്ളത്. പിന്നീട് ഇതു വരെയുള്ള കാലഘട്ടങ്ങളിലായി ആകെ സുമാർ 3 മാസത്തോളമാണ് പലപ്പോഴായി ഹരജിക്കാരി എതിർകക്ഷിയുടെ വീ- ട്ടിൽ താമസിച്ചിട്ടുള്ളത്.

6. വിവാഹം കഴിഞ്ഞ് 4 മാസം കഴിഞ്ഞതോടുകൂടി തന്നെ എതൃകക്ഷി- കൾ ഹരജിക്കാരിയോട് വളരെ മോശപ്പെട്ട രീതിയിൽ പെരുമാറാൻ തുടങ്ങി. ഹരജിക്കാരിയുടെ വീട്ടുകാരും മറ്റു ബന്ധുക്കളോ ഹരജിക്കാരിയുടെ കാര്യം അന്വേഷിക്കാൻ എതൃകക്ഷികളുടെ വീട്ടിൽ വരുന്നത് ഒന്നാം എതൃകക്ഷിക്ക് ഇഷ്ടമായിരുന്നില്ല. പ്രത്യേകിച്ച് പുരുഷന്മാരോട് സംസാരിക്കുകയോ ചിരിക്കുക- യോ ചെയ്താൽ എന്തെങ്കിലും കാര്യം പറഞ്ഞ് ഒന്നാം എതൃകക്ഷി ഹരജിക്കാ- രിയെ മർദ്ദിക്കുമായിരുന്നു. ഇതു കാരണം തന്റെ സഹോദരന്മാരോട് സംസാരി- ക്കാനോ സന്തോഷത്തോടെ ചിരിക്കാനോ ഹരജിക്കാരിക്ക് കഴിഞ്ഞിരുന്നില്ല. ഹരജിക്കാരിക്ക് ഒന്നാം എതൃകക്ഷിയുടെ വീട്ടിൽ നിന്ന് ഫോൺ വിളിക്കാനുള്ള അവകാശം പോലും ഉണ്ടായിരുന്നില്ല.

7. ഹരജിക്കാരിയുടെ വിവാഹ കാലഘട്ടത്തിൽ ഹരജിക്കാരി എടപ്പാളി- ലുള്ള വെസ്റ്റേൺ അക്കാദമിക്ക് എന്ന കമ്പ്യൂട്ടർ സ്ഥാപനത്തിലെ കമ്പ്യൂട്ടർ അധ്യാപിക ആയിരുന്നു. ഒന്നാം എതൃകക്ഷിക്ക് ഹരജിക്കാരി സ്ഥാപനത്തിൽ ജോലിക്ക് പോകുന്നത് ഇഷ്ടമായിരുന്നില്ല. സ്ഥാപനത്തിലെ പുരുഷ ജീവനക്കാ- രുമായി വല്ല ബന്ധവുമുണ്ടാകുമോ എന്ന സംശയത്തോടെ ഹരജിക്കാരിയോട്

പെരുമാറുകയും തുടർന്ന് ഹരജിക്കാരിയോട് ജോലിക്ക് പോകരുതെന്ന് താക്കീത് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹരജിക്കാരി ജോലി രാജിവെച്ചു. പിന്നീട് ഗർഭിണിയായ ഹരജിക്കാരിയോട് ഒരു ഗർഭവതിയായ സ്ത്രീയോട് കാണിക്കേണ്ട മാന്യത പോലും കാണിക്കാതെ എതൃകക്ഷികൾ ജീവിതം തന്നെ അവസാനിപ്പിച്ചാലൊ എന്ന് ഹരജിക്കാരി ചിന്തിച്ചിരുന്നു. ഗർഭിണിയായ ഹരജിക്കാരിയെ ഡോക്ടറെ കാണിക്കാനോ, ആവശ്യമായ പരിഗണന നൽകുന്നതിനോ എതൃകക്ഷികൾ തയ്യാറായിരുന്നില്ല. ഹരജിക്കാരിക്ക് jubilee Mission medical College Hospital Trissur വെച്ച് അണ്ഡാശയത്തിൽ മുഴ വന്നതിനെ തുടർന്ന് ഒരു ഓപറേഷൻ നടത്തിയിരുന്നു. എന്നാൽ ഭർത്താവായ ഒന്നാം എതൃകക്ഷി ഹരജിക്കാരിയുടെ ആശുപത്രി ചിലവിലേക്ക് ഒരു രൂപ പോലും ചിലവാക്കിയില്ല.

8. ഒന്നാം എതൃകക്ഷി ഹരജിക്കാരിയെ ഇഷ്ടപ്പെട്ടായിരുന്നില്ല വിവാഹം നടത്തിയതെന്ന് ഹരജിക്കാരിയോട് നേരിട്ട് പറയുകയുണ്ടായിട്ടുണ്ട്. ഒന്നാം എതൃകക്ഷിയുടെ മാതാപിതാക്കളായ 2, 3 എതൃകക്ഷികളുടെ നിർബന്ധം കൊണ്ട് മാത്രമാണ് ഒന്നാം എതൃകക്ഷിക്ക് ഹരജിക്കാരിയെ വിവാഹം കഴിക്കേണ്ടി വന്നത് എന്നു പലതവണ പറഞ്ഞ് ഹരജിക്കാരിയെ മാനസികമായി സമ്മർദ്ദത്തിലാക്കുകയും ഹരജിക്കാരിക്ക് സൗന്ദര്യം കുറവാണെന്നും ഒന്നാം എതൃകക്ഷിക്ക് ഒത്ത ബന്ധമല്ലെന്നും ഇടക്കിടെ പറയുകയും എന്തെങ്കിലും കാരണം ഉണ്ടാക്കി ഹരജിക്കാരിയെ ദേഹോപദ്രവം ഏൽപ്പിക്കുകയും പതിവായിരുന്നു. ഒന്നാം എതൃകക്ഷിയുടെ ക്രൂരമായ മർദ്ദനം സഹിക്ക വയ്യാതെ 10,12 തവണ ഹരജിക്കാരി ഹരജിക്കാരിയുടെ വീട്ടിലേക്ക് പോവുകയും തുടർന്ന് മദ്ധ്യസ്ഥന്മാർ ഇടപെട്ട് ഒന്നിപ്പിച്ച സം ഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുകൊണ്ടൊന്നും കാര്യമായ മാറ്റമൊന്നും ഒന്നാം എതൃകക്ഷിയുടെ സ്വഭാവത്തിൽ ഉണ്ടായിട്ടില്ല. നല്ലതു പറഞ്ഞ് കൊടുക്കേണ്ട മാതാപിതാക്കൾ ഒന്നാം എതൃകക്ഷിയുടെ താൽപര്യത്തിന് നിന്നു കൊടുക്കുകയും ഒന്നാം എതൃകക്ഷിയുടെ നിലപാടിൽ ഉറച്ചു നിൽക്കുകയുമാണ് ചെയ്തത്.

9. ഹരജിക്കാരി 27-09-2016 നാം തിയ്യതി ഒരു പെൺകുഞ്ഞിന് ജന്മം നൽകി. കൂറ്റനാട് മോഡോൺ ഹോസ്പിറ്റലിൽ ആയിരുന്നു പ്രസവം. ആശുപത്രിയിലെ പ്രസവവുമായി ബന്ധപ്പെട്ട ചിലവുകൾ എല്ലാംതന്നെ ഹരജിക്കാരിയുടെ പിതാവാണ് വഹിച്ചിരുന്നത്. ഗർഭിണിയായപ്പോഴും പ്രസവ ചിലവുകളും

എല്ലാം തന്നെ ശ്രദ്ധിക്കേണ്ട ഒന്നാം എതൃകക്ഷി അത് ചെയ്യാത്തതു കാരണം എല്ലാ ചിലവുകളും നിർവ്വഹിച്ചിരുന്നത് ഹരജിക്കാരി പെൺകുട്ടിയെ പ്രസവിച്ചതിനു കാരണക്കാരി ഹരജിക്കാരിയാണെന്നും പെൺകുട്ടിയുടെ ചിലവുകൾ നിർവ്വഹിക്കുന്നതിന് ഒന്നാം എതൃകക്ഷിക്ക് സാധ്യമല്ലെന്നും ഒന്നാം എതൃകക്ഷി ഹരജിക്കാരിയോട് പറഞ്ഞിരുന്നു. കടുത്ത ക്രൂരതയാണ് ഹരജിക്കാരിയോട് എതൃകക്ഷി കാണിച്ചത്.

10. ഒന്നാം എതൃകക്ഷിക്ക് പല സ്ത്രീകളുമായി ബന്ധമുണ്ടായിരുന്നു. ഒന്നാം എതൃകക്ഷിയുടെ ഫോൺ വിളി മണിക്കൂറുകളോളം നീണ്ടു നിൽക്കുമായിരുന്നു. ഒന്നാം എതൃകക്ഷിയുടെ രാത്രി സമയത്തെ മണിക്കൂറോളം നീണ്ട ഫോൺ വിളിയെ ചോദ്യം ചെയ്ത ഹരജിക്കാരിയെ 2017 ഒക്ടോബർ മാസം 29 ആം തിയ്യതി രാവിലെ 10 മണി സമയത്ത് എതൃകക്ഷി ഹരജിക്കാരിയുടെ തലപിടിച്ച് ശക്തിയോടെ ചുമരിലിടിക്കുകയും കഴുത്തിനു നേരെ കത്തിയെടുത്ത് കഴുത്തു മുറിച്ച് കൊല്ലാനായി കത്തികൊണ്ട് കുത്തുകയും ഹരജിക്കാരി പെട്ടെന്ന് കഴുത്ത് തിരിച്ചതിനാലാണ് ചെറിയ മുറിവോടു കൂടി രക്ഷപ്പെട്ടത്. ഒഴിഞ്ഞു മാറിയിരുന്നില്ലെനിൽ ഹരജിക്കാരി മരിക്കുമായിരുന്നു. ഹരജിക്കാരി ഉറക്കെ പേടിച്ച് നിലവിളിച്ചതു കേട്ട് രണ്ടാം എതൃകക്ഷി വന്ന് കത്തി കയറിപിടിച്ചെങ്കിലും ഒന്നാം എതൃകക്ഷി കത്തികൊണ്ട് ഹരജിക്കാരിയുടെ കഴുത്ത് അറക്കാൻ വീണ്ടും ശ്രമിച്ചു. മുറിവു പറ്റിയ ഹരജിക്കാരിയെ വിവരം അറിഞ്ഞ് എത്തിയ ഹരജിക്കാരിയുടെ ഉപ്പയാണ് ആശുപത്രിയിൽ കൊണ്ടുപോയി ഡോക്ടറെ കാണിച്ചത്. അന്നു തന്നെ ഹരജിക്കാരിയുടെ പിതാവ് ഹരജിക്കാരിയെ സ്വന്തം വീട്ടിലേക്ക് കൊണ്ടു പോയിട്ടുള്ളതും പിന്നീട് എതൃകക്ഷികളുടെ ആവശ്യ പ്രകാരം മുതൂർ മഹല്ല് കമ്മറ്റി ഭാരവാഹികളുടെ മദ്ധ്യസ്ഥതയിൽ ഹരജിക്കാരി ഒന്നാം എതൃകക്ഷിയോടൊപ്പം വീണ്ടും താമസിക്കാൻ തുടങ്ങി. എന്നാൽ ഇതിനും അധികം ആയുസ്സുണ്ടായില്ല.

11. എതൃകക്ഷികൾ വീണ്ടും പലതരത്തിൽ ഹരജിക്കാരിയെയും കുട്ടിയേയും ഉപദ്രവിക്കുകയും ഹരജിക്കാരിയേയും കുട്ടിയേയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ഒന്നു രണ്ടു തവണ അതിനുള്ള ശ്രമവും ഒന്നാം എതൃകക്ഷിയിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. രണ്ടാം ഹരജിക്കാരിക്ക് അസുഖം ബാധിച്ചതിനെ തുടർന്ന് ഒന്നാം ഹരജിക്കാരിയും എതൃകക്ഷിയും

കുട്ടിയേയും കൊണ്ട് വട്ടംകുളം ആശുപത്രിയിൽ പോയി തിരിച്ചുവരുന്ന വഴിയിൽ ഒന്നാം എതൃകക്ഷി ഹരജിക്കാരിയേയും കുട്ടിയേയും ബൈക്കിൽ നിന്ന് മറിച്ചിടാൻ ശ്രമിക്കുകയും അതിനെ എതിർത്ത ഹരജിക്കാരിയെ പൊതുറോഡിൽ വെച്ച് ആളുകൾ കാൺകെ മുഖത്തടിക്കുകയും ചെയ്തിരുന്നു. ഒന്നാം എതൃകക്ഷിയുടെ കൂടെ ഹരജിക്കാരിക്കും കുട്ടിക്കും സമാധാനപരമായി ജീവിക്കാനുള്ള അവസ്ഥ എതൃകക്ഷികളുടെ വീട്ടിൽ ഉണ്ടായിരുന്നില്ല. ഏതു വിധേനയും ഹരജിക്കാരിയെയും കുട്ടിയെയും ഒഴിവാക്കി മറ്റൊരു വിവാഹം കഴിക്കാനുള്ള ശ്രമത്തിലാണ് എതൃകക്ഷികൾ പ്രവർത്തിച്ചത്. രണ്ടാം എതൃകക്ഷി ഇതിനുള്ള സഹായവും ഒന്നാം എതൃകക്ഷിക്ക് നൽകി വരുന്നിരുന്നു.

12. ഹരജിക്കാരിയുടെ പ്രസവത്തിനുശേഷം ഹരജിക്കാരിയും കുട്ടിയും എതൃകക്ഷിയുടെ വീട്ടിൽ താമസിച്ചുവന്നിരുന്ന കാലഘട്ടത്തിൽ ഹരജിക്കാരിക്കും കുട്ടിക്കും ഭക്ഷണം പോലും നൽകാത്തതു കൊണ്ട് ഹരജിക്കാരിക്കും കുട്ടിക്കും പലപ്പോഴും ഭക്ഷണം കഴിക്കാതെ ജീവിക്കേണ്ടി വന്നിട്ടുണ്ട്. ഹരജിക്കാരിയുടെ പിതാവിന്റെ സഹായം ഒന്നുകൊണ്ടുമാത്രമാണ് ഹരജിക്കാരിയും കുട്ടിയും ജീവൻ നഷ്ടപ്പെടാതെ ഇന്നും ജീവിച്ചു വരുന്നത്. 2019 ജനുവരി മാസം 8 ആം തിയ്യതി രാത്രി 12 മണിക്ക് ഹരജിക്കാരിക്ക് കലശമായ പനിയും, തലവേദനയും, ശ്വാസംമുട്ടലും വന്നപ്പോൾ എതൃകക്ഷികളോട് ഹരജിക്കാരി തന്നെ ആശുപത്രിയിൽ കൊണ്ടുപോകാൻ എതൃകക്ഷികളോട് ഹരജിക്കാരി തന്നെ ആശുപതിയിൽ കൊണ്ടുപോയില്ല. ഹരജിക്കാരി ഹരജിക്കാരിയുടെ വീട്ടുകാരെ അറിയിച്ചതിനെ തുടർന്ന് ഹരജിക്കാരിയുടെ പിതാവെത്തിയതിനു ശേഷം പിറ്റേ ദിവസം പുലർച്ചെ 4.30 മണിയോടെയാണ് ഹരജിക്കാരിയെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ആശുപത്രിയിലേക്ക് കൊണ്ടു പോകാത്തതിന്റെ കാരണം അന്വേഷിച്ച ഹരജിക്കാരിയുടെ പിതാവിനെ ഒന്നാം എതൃകക്ഷിയും രണ്ടാം എതൃകക്ഷിയും കൂടി അടിക്കാൻ ചെല്ലുകയും മോശമായ രീതിയിൽ പെരുമാറുകയും ചെയ്തു. അതിനു ശേഷം കഴിഞ്ഞ 2019 ജനുവരി മാസം 9 ആം തിയ്യതി മുതൽ ഹരജിക്കാരി പിതാവിന്റെ വീട്ടിലാണ് ജീവിച്ചു വരുന്നത്. 2019 ജൂൺ മാസം 10 ആം തിയ്യതി ഹരജികാരിയുടെ വീട്ടിൽ വന്ന ഒന്നാം എതൃകക്ഷി ഹരജിക്കാരിയും, എതൃകക്ഷിയും തമ്മിലുള്ള വിവാഹബന്ധം വേർപ്പെടുത്തണമെന്ന് ഹരജിക്കാരിയുടെ ബാപ്പയോട് ആവശ്യപ്പെടുക-

യും ചെയ്തു. എന്നാൽ അത് സാധ്യമല്ല എന്ന് പറഞ്ഞതോടു ഒന്നാം എതൃകക്ഷി അവിടെ നിന്നു പോന്നെങ്കിലും പിന്നീട് 2019 ജൂൺ മാസം 14 ആം തിയ്യതി വൈകുന്നേരം സുമാർ 5 മണിയോടു കൂടി എതൃകക്ഷി ഹരജിക്കാരിയുടെ വീട്ടിൽ വരികയും ബാപ്പയോട് പറഞ്ഞ് ബോധം ഒഴിവാക്കി തരണമെന്ന് ഹരജിക്കാരിയോട് ആവശ്യപ്പെട്ടപ്പോൾ ഹരജിക്കാരി അത് സാധ്യമല്ലെന്ന് പറഞ്ഞതോട് കൂടി ഒന്നാം എതൃകക്ഷി ഹരജിക്കാരിയുടെ ഇടത്തെ കവിളിൽ ആഞ്ഞടിക്കുകയും തലമുടി പിടിച്ച് വലിച്ച് ചുമരിലേക്ക് തള്ളുകയും ഹരജിക്കാരിയുടെ നാഭിക്ക് ചവിട്ടുകയും ചെയ്തു. ഉടനെ ഹരജിക്കാരി ബഹളം വെച്ചതോടു കൂടി ഒന്നാം എതൃകക്ഷി അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. ഒന്നാം എതൃകക്ഷി എന്തും ചെയ്യാൻ മടിക്കാത്തവനും അക്രമകാരിയുമാണ്.

13. എതൃകക്ഷി നാട്ടിൽ ഇലക്ട്രീഷൻ ആണ്. കൂടാതെ എതൃകക്ഷിക്ക് ധാരാളം ഭൂസ്വത്തുക്കളിൽ നിന്നും പ്രതിമാസം 50,000/- (അമ്പതിനായിരം) രൂപയോളം മാസവരുമാനമുണ്ട്. ഒന്നാം എതൃകക്ഷി മന:പൂർവ്വം ഹരജിക്കാരെ സംരക്ഷിക്കാതിരിക്കുകയാണ്. ഒന്നാം എതൃകക്ഷി ഹരജിക്കാരിയെയും കുട്ടിയെയും സംരക്ഷിക്കാതെയും ചിലവിന് കൊടുക്കാതെയും ബുദ്ധിമുട്ടിക്കുകയാണ്. എതൃകക്ഷിയുടെ ക്രൂരതയിൽ ഹരജിക്കാരിയുടെ ജീവൻ തന്നെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ആയതിനാലാണ് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹരജിക്കാരി ഹരജി ബോധിപ്പിക്കുന്നത്.

14. <u>വ്യവഹാര കാരണം</u> :-

ഹരജിക്കാരിയും, എതൃകക്ഷിയും തമ്മിലുള്ള വിവാഹ ബന്ധം നടന്നതായ 2015 ആഗസ്റ്റ് മാസം 21 ആം തിയ്യതി മുതൽക്കും ഇരുവരും അവസാനമായി ഒരുമിച്ച് താമസിച്ച 2019 ജനുവരി മാസം 9 ആം തിയ്യതി മുതൽക്കും അതിനു ശേഷവും ഈ കോടതിയുടെ അധികാരാതിർത്തിക്കകമായ പൊന്നാനി താലൂക്കിൽ വട്ടംകുളം വില്ലേജിൽ വെച്ച് ഉദ്ഭവിച്ചു.

15. മേൽ പറയുന്ന കാരണങ്ങളാൽ താഴെ പറയുന്ന ഇടക്കാല ഉത്തരവുകൾ ഹരജിക്കാർ ആവശ്യപ്പെട്ടിരിക്കുന്നു.

1. ഒന്നാം ഹരജിക്കാരിക്ക് പ്രതിമാസം 10,000/- ക (പതിനായിരം) രൂപയും രണ്ടാം ഹരജിക്കാരിക്ക് പ്രതിമാസം 5000/- ക അയ്യായിരം) രൂപ വീതവും ജീവിത ചെലവിന് വരുന്നുണ്ട്. ഹരജിക്കാർക്ക് ചിലവിന് നൽകേണ്ട

ബാധ്യത എതൃകക്ഷിക്കാണ്. ആയത് നൽകുന്നതിന്നുള്ള കഴിവും പ്രാപ്തിയും എതൃകക്ഷിക്കുണ്ട്. എതൃകക്ഷിയുടെ ക്രൂരമായ പ്രവൃത്തികൾ മൂലം ഹരജിക്കാരിയുടെ ജീവിതം ദുരിത പൂർണ്ണമാവുകയും, ആരോഗ്യഅത്തെ മോശമായ രീതിയിൽ ബാധിക്കുകയും, ഹരജിക്കാരിയുടെ ഭാവി ജീവിതത്തിന് സുരക്ഷിതത്വം നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഹരജിക്കാരിയുടെ ജീവിതം ദുരിത പൂർണമാക്കിയതിന് നഷ്ട പരിഹാരമായി എതൃകക്ഷി ഹരജിക്കാരിക്കെതിരെ നടത്തിയിട്ടുള്ള Mental Torture and Emotional Distress and Damages for Injuries ന് compensation ആയി 1,00,000/- (പത്ത് ലക്ഷം രൂപ) ഒന്നാം എതൃകക്ഷിയോട് ഹരജിക്കാരിക്ക് നൽകുവാൻ ഉത്തരവുണ്ടാകേണ്ടതാണ്.

2) ഹരജിക്കാരിയോട് എതൃകക്ഷി നടത്തിയ പീഡനവും ഹരജിക്കാരിയെ നോക്കി സംരക്ഷിക്കാത്തതുമായ എതൃകക്ഷിയുടെ പ്രവൃത്തികൾ സ്ത്രീകൾക്ക് ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം നൽകുന്ന നിയമത്തിന്റെ പരിധിയിൽ വരുന്ന ഗാർഹിക പീഡനമാണ്. ആയത് നൽകുവാൻ ഉത്തരവുണ്ടാകേണ്ടതാണ്.

A) ആയതുകൊണ്ട് ബഹുമാനപ്പെട്ട കോടതിയിലെ ദയവുണ്ടായി ഈ ഹരജി തിയ്യതി മുതൽ ഒന്നാം ഹരജിക്കാരിക്ക് പ്രതിമാസം 10,000/- ക (പതിനായിരം) രൂപയും രണ്ടാം ഹരജിക്കാരിക്ക് പ്രതിമാസം 5,000/- ക അയ്യായിരം) രൂപ വീതവും ജീവിത ചെലവിന് തരുവാൻ ഒന്നാം എതൃകക്ഷിയോട് കൽപിച്ചും

B) എതൃകക്ഷി എടുത്തുപറ്റിയ 40 പവൻ സ്വർണ്ണാഭരണങ്ങളോ ആയതിന്റെ ഇപ്പോഴത്തെ മാർക്കറ്റ് വില പവന് 35,000/- (മുപ്പത്തി അയ്യായിരം) രൂപ വീതം 40 പവന് 14,00,000/- (പതിനാല് ലക്ഷം) രൂപയും ഒന്നാം എതൃകക്ഷിയാൽ ഹരജിക്കാർക്ക് തരുവാൻ കൽപിച്ചും

C) ഹരജിക്കാരിയുടെ ജീവിതം ദുരിത പൂർണ്ണമാക്കിയതിന് നഷ്ട പരിഹാരമായി എതൃകക്ഷി ഹരജിക്കാരിക്കെതിരെ നടത്തിയിട്ടുള്ള Mental Torture and Emotional Distress and Damages for Injuries ന് compensation ആയി 10,00,000/- (പത്ത് ലക്ഷം രൂപ) എതൃകക്ഷിയോട് ഹരജിക്കാരിക്ക് നൽകുവാൻ കൽപിച്ചും.

D) ഹരജിക്കാരിയുടെ ഭാവി ജീവിതത്തിനുള്ള സെക്യൂരിറ്റി എന്ന നിലക്ക് 10,00,000/- (പത്ത് ലക്ഷം) രൂപക്കുള്ള ജാമ്യം ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കാൻ കൽപിച്ചും ഉത്തരവാകേണ്ടതും ആയ്തിന് അപേക്ഷയുള്ളതുമാണ്.

E) ഈ വ്യവഹാരത്തിലെ എല്ലാ കോടതി ചിലവുകളും എതൃകക്ഷിയോട് കൈയ്യാലും സ്വത്തുക്കളാലും തരുവാൻ കൽപ്പിച്ചും

F) വ്യവഹാരമദ്ധ്യേ ഹരജിക്കാർ ആവശ്യപ്പെടുന്നതും ബഹുമാനപ്പെട്ട കോടതിക്ക് യുക്തമെന്ന് തോന്നുന്നതുമായ സകല വിധമായ നിവൃത്തികൾ അനുവദിച്ചും ഒരു വിധിയുണ്ടാവാൻ വണക്കമായി അപേക്ഷയുള്ളതാണ്

G) ഹരജിക്കാരി ഹരജിക്കാരിയുടെ വീട്ടിൽ താമസിക്കാൻ തുടങ്ങിയ 2021 ജനുവരി മാസം 15 ആം തിയ്യതി മുതൽ ഇന്നേവരെ എതൃകക്ഷി ഹരജിക്കാർക്ക് ചിലവിന് ഹരജിക്കാരിയെ കാണുകയോ ചെയ്തിട്ടില്ല.

16. **<u>എതൃകക്ഷി ആക്ഷേപം ബോധിപ്പിച്ചിട്ടുണ്ട്</u>**:- മേൽ നമ്പർ ഹരജികൾ നിയമ പ്രകാരം നിലനിൽക്കുന്നതല്ല. ഹരജികൾക്ക് യാതൊരു ഉത്തമവിശ്വാസവും ഇല്ല. ഹരജിപ്രകാരം യാതൊരു നിവൃത്തിയും കിട്ടാൻ ഹരജിക്കാർക്ക് അധികാരവകാശമില്ല. താഴെ പ്രത്യക്ഷത്തിൽ സമ്മതിക്കുന്ന സംഗതികൾ ഒഴികെ ശേഷം ഹരജിയിലെ പ്രസ്താവനകൾ മുഴുവൻ എതൃകക്ഷി പാടെ നിഷേധിക്കുന്നു.

17. ഹരജിക്കാരിയും, എതൃകക്ഷിയും 2015 ആഗസ്റ്റ് മാസം 21 ആം തിയ്യതി മുതൂർ ജുമാമസ്ജിദ് പള്ളിയിൽ വെച്ച് ഇസ്ലാം മതാചാരപ്രകാരം നികാഹ് ചെയ്തിട്ടുള്ളതും തുടർന്ന് 22-8-2015 ആം തിയ്യതി കുമ്പിടി ദി.എൻ. ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹ സൽക്കാരം നടത്തിയിട്ടുള്ളതുമാണ് എന്ന പ്രസ്താവനയും, വിവാഹശേഷം ഭാര്യാഭർത്താക്കന്മാർ എന്ന നിലയിൽ എതൃകക്ഷിയുടെ വീട്ടിലാണ് താമസിച്ച് വന്നിരുന്നതെന്നും , വിവാഹ ബന്ധത്തിൽ രണ്ടാം ഹരജിക്കാരി ജനിച്ചിട്ടുള്ളതുമാണ് എന്ന പ്രസ്താവനയും ശരിയാണ്.

18. ഹരജിക്കാരിക്ക് യാതൊരു തൊഴിലും വരുമാനവും ഇല്ലെന്നും, സ്വയം സംരക്ഷിക്കാൻ കഴിവില്ലാത്ത ഹരജിക്കാരിക്കും രണ്ടാം ഹരജിക്കാരിക്കും ഭക്ഷണം, വസ്ത്രം, താമ്സസൗകര്യം, മരുന്ന് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് വലിയ സംഖ്യ ചെലവ് വരുന്നുണ്ടെന്ന് ഹരജിയിൽ പ്രസ്താവിച്ചത് തീർത്തും കളവാണ്. ഹരജിക്കാരി പ്രതിമാസസംരക്ഷണ ചെലവ് സംഖ്യയിലേക്ക് വല്ല സംഖ്യയും ആവശ്യപ്പെടാൻ ഹരജിക്കാരിക്ക് അർഹതയില്ലാത്തതാണ്. ആവശ്യപ്പെട്ട സംഖ്യ വളരെ കൂടുതലുമാണ്. എങ്ങിനെ നോക്കിയാലും 15,000/- രൂപ ഹരജിക്കാർക്ക് പ്രതിമാസ ചിലവിന് വരുന്നതല്ല. മാത്രവുമല്ല, ഹരജിക്കാരി സ്വന്തമായി മുതൂർ, ചെറിയപള്ളി ബിൽഡിംങ്ങിൽ ജനസേവന കേന്ദ്രം നടത്തിവരുന്നയാളാണ്. മാത്രവുമല്ല എതൃകക്ഷിക്ക് യാതൊരു വരുമാനവുമില്ല. സ്വന്തമായി വരുമാനമുള്ള ഹരജിക്കാരിക്ക് ചിലവിന് നൽകാൻ എതൃകക്ഷിക്ക് യാതൊരു ബാധ്യതയുമില്ല. 2 ആം മൈനർ ഹരജിക്കാരിക്ക് എതൃകക്ഷിയാൽ കഴിയും വിധം ചിലവിന് നൽകാൻ എതൃകക്ഷി ഒരുക്കമാണ്.

19. എതൃകക്ഷി നാട്ടിൽ ഇലക്ട്രീഷനാണെന്നും ആയതിൽ നിന്നും പ്രതിമാസം 50,000/- (അൻപതിനായിരം) രൂപയോളം മാസവരുമാനം ലഭിച്ചുവരു-

ന്നതാണെന്നും ഹരജിയിൽ പ്രസ്താവിച്ചതിന് യാതൊരു അടിസ്ഥാനവുമില്ലാത്ത-താണ്. എതൃകക്ഷിക്ക് ഒരു തരത്തിലും 50,000/- (അൻപതിനായിരം) രൂപ മാ-സവരുമാനമില്ലാത്തതാണ്. എതൃകക്ഷി ഇലക്ട്രീഷന്റെ സഹായിയായി ജോലി ചെയ്യുന്ന ആളാണ്. നിത്യേന ജോലിയില്ലാത്ത എതൃകക്ഷിക്ക് പ്രതിമാസം 6,000/- രൂപ മാത്രമാണ് വരുമാനമുള്ളത്. മേപ്പടി വരുമാനത്തിൽ നിന്നും പ്രാ-യമായ മാതാപിതാക്കളെ നോക്കി സംരക്ഷിക്കേണ്ട ബാധ്യതയും, വിദ്യാർത്ഥി-കളും മൈനർമാരുമായ സഹോദരനെയും സഹോദരിയേയും നോക്കി സംര-ക്ഷിക്കേണ്ട ബാധ്യതയും എതൃകക്ഷിക്കാണ്. മാത്രവുമല്ല, എതൃകക്ഷിയുടെ മാതാപിതാക്കൾ നിത്യരോഗികളുമാണ്. മാതാപിതാക്കളുടെ ചികിത്സാ ചില-വും എതൃകക്ഷി വഹിക്കേണ്ടതാണ്. ആയതിനാൽ തന്നെ ഹരജിക്കാരി ഹരജി-യിൽ ആവശ്യപ്പെട്ട പ്രകാരമുള്ള സംരക്ഷണചിലവ് നൽകാൻ എതൃകക്ഷിക്ക് സാധിക്കാത്തതുമാണ്. എതൃകക്ഷിയും, കുടുംബവും ഇപ്പോൾ താമസിക്കുന്നത് തകർന്ന് വീഴാറായ ടാർപ്പോളിൻ മേൽക്കുരയുള്ള ഓല ഷെഡ്ഡിലാണ് താമസി-ക്കുന്നത്. എതൃകക്ഷി ഇപ്പോൾതാസിക്കുന്ന വീടിന്റെ ഫോട്ടോ ഇതൊന്നിച്ച് ഹാജരാക്കുന്നുണ്ട്.

20. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ഹരജിക്കാരി ആവശ്യപ്പെട്ട പ്രകാ-രമുള്ള Interim maintenance അനുവദിക്കാവതല്ല. ഹരജിക്കാരിയുടെ യാ-തൊരു സ്വർണ്ണാഭരണങ്ങളും എതൃകക്ഷി എടുത്ത് പറ്റിയിട്ടില്ലാത്തതാണ്. ഹരജി-ക്കാരിയെ എതൃകക്ഷി യാതൊരു പ്രകാരത്തിലും പീഡിപ്പിക്കുകയുണ്ടായിട്ടില്ല. ആയതിനാൽ തന്നെ എതൃകക്ഷി 40 പവൻ സ്വർണ്ണാഭരണങ്ങൾ എടുത്ത് പറ്റി-യിട്ടുള്ളതാണെന്നും, ആയതിനാൽ മേപ്പടി സ്വർണ്ണാഭരണങ്ങളോ, അല്ലെങ്കിൽ ആയതിന് മാർക്കറ്റ് വില കണക്കാക്കിയ പ്രകാരം 14,00,000/- രൂപയോ, കൂട-തെ ഹരജിക്കാരിയുടെ ജീവിതം ദുരിതപൂർണ്ണമാക്കിയതിന് നഷ്ടപരിഹാരമായി 10,00,000/- രൂപയും എതൃകക്ഷി ഹരജിക്കാരിക്ക് നൽകേണ്ടതാണെന്നും അഫിഡവിറ്റിൽ കാണിച്ചിട്ടുള്ളത് അടിസ്ഥാനരഹിതവും ശുദ്ധകളവുമാണ്. ഹരജികളിൽ ഉന്നയിച്ച പ്രകാരമുള്ള സ്വർണ്ണാഭരണങ്ങൾ ഹരജിക്കാരി തന്നെ രേഖകളാൽ തെളിയിക്കേണ്ടതാണ്. കളവായ സംഗതികൾ മാത്രം കാണിച്ച് ബോധിപ്പിച്ച മേൽ നമ്പർ ഹരജികൾ തള്ളി കൽപ്പനയാവേണ്ടതുണ്ട്. അല്ലാതെ

പോയാൽ ഈ എതൃകക്ഷിക്ക് തീർത്താൽ തീരാത്ത കഷ്ടനഷ്ടങ്ങൾക്കിടവരുന്ന-താണ്.

21. ഇരുഭാഗത്തെയും വാദം കേട്ടു.

22. ഒന്നാം ഹരജിക്കാരിയുടെ സത്യവാങ്ങ്മൂലത്തിൽ നിന്നും പ്രഥമദൃഷ്ട്യാ ഗാർഹിക പീഡനം നടന്നു എന്നു ബോധ്യപ്പെട്ടതിനാൽ ഒരു ഇടക്കാല സംരക്ഷണ ഉത്തരവ് ടിയാരിക്ക് അനുകൂലമായി നൽകേണ്ടതാണ് എന്ന് കാണുന്നു. ഹരജിക്കാരിക്ക് സ്വന്തമായി ഒരു സ്ഥാപനമുണ്ട് എന്ന് തെളിയിക്കുന്നതിന് വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ പബ്ലിക്ക് ഇൻഫോർമേഷൻ ഓഫീസർ നൽകിയ ഒരു സർട്ടിഫിക്കറ്റിന്റെ പകർപ്പ് എതൃകക്ഷി ഹാജരാക്കിയിട്ടുണ്ട്. ഹരജിക്കാരിയുടെ പേരിൽ ലൈസൻസ് മാത്രമേ ഉള്ളൂ എന്നും ടിയാരി സ്ഥാപനം ന്ടത്തുന്നില്ല എന്നും ഹരജിഭാഗം അഭിഭാഷകൻ വാദിച്ചു. എന്നാൽ ആയത് വിശ്വസനീയമായ ഒരു വാദമല്ല. ആയതിനാൽ, ഒന്നാം ഹരജിക്കാരിക്ക് സംരക്ഷണ ചിലവ് നൽകാൻ ഉത്തരവാകേണ്ട കാര്യമില്ല എന്ന് കാണുന്നു. രണ്ടാം ഹരജിക്കാരി തന്റെ മകളാണെന്ന കാര്യം എതൃകക്ഷി അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ടി കുട്ടിക്ക് ജീവനാംശം നൽകാൻ എതൃകക്ഷി ബാധ്യസ്ഥനാണ്. കക്ഷികളുടെ സാമ്പത്തിക നിലയും മറ്റും പരിഗണിച്ച് രണ്ടാം ഹരജിക്കാരിക്ക് ജീവനാംശമായി പ്രതിമാസം 3,000/- രൂപ നൽകുവാൻ എതൃകക്ഷിയോട് ഉത്തരവാകേണ്ടതാണെന്ന് കാണുന്നു. ടി തുക എല്ലാ മാസവും 10 ആം തിയ്യതിക്കകം ഒന്നാം ഹരജിക്കാരിയെ ഏൽപിക്കേണ്ടതാണ്.

24. മറ്റു നിവൃത്തികൾ വിചാരണയ്ക്ക് മുമ്പ് അനുവദിക്കാവുന്നതല്ല. ആയതിനാൽ CMP. 23/2022 പൂർണ്ണമായും CMP. 24/2022 ഭാഗീകമായും അനുവദിച്ചു കൊണ്ട് താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

**1. എതൃകക്ഷിയോട് തന്റെ മകളായ രണ്ടാം ഹരജിക്കാരിക്ക് ഹരജി തിയ്യതി മുതൽ MC.02/2022 ന്റെ തീർപ്പ് വരെ പ്രതിമാസം 3,000/- രൂപ ജീവനാംശം നൽകാൻ ഉത്തരവാകുന്നു. ടി തുക എല്ലാ മാസവും 10 ആം തിയ്യതിക്കകം ഒന്നാം ഹരജിക്കാരിയെ ഏൽപിക്കേണ്ടതാണ്.**

**2. ഒന്നാം ഹരജിക്കാരിക്ക് എതിരെ ശാരീരിക പീഡനം നടത്തുന്നതിൽ നിന്ന് MC. 02/2022 ലെ തീർപ്പു വരെ എതൃകക്ഷിയെ വിലക്കിയിരിക്കുന്നു.**

ഈ വിധിക്കെതിരെയുള്ള അപ്പീൽ കൊടുക്കേണ്ടത് ബഹുമാനപ്പെട്ട മഞ്ചേരി ജില്ലാ സെഷൻസ് കോടതിയിലാണ്. അപ്പീൽ കൊടുക്കേണ്ടത് വിധി പറഞ്ഞ് 30 ദിവസത്തിനക്മാണ്.

(ഇപ്രകാരം ഇന്നേ ദിവസമായ 2022 ആണ്ട് ജൂലൈ മാസം 30 ആം തിയ്യതി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനാൽ കേട്ടെഴുതപ്പെട്ടിട്ടുള്ളതും ആയത് എന്നാൽ ശരിയാക്കപ്പെട്ടിട്ടുള്ളതും തുറന്ന കോടതിയിൽ വിധി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്).

ന്യായാധികാരി